നമ്പർ.സി2/ 24427/റ്റി സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരള തിരുവനന്തപുരം
തീയതി 17.12.2011.

പ്രേക്ഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്.

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്- ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

സൂചന:- 20.10.201-ലെ സി1/20702/റ്റി സി/2007 നം. കത്ത്.

കോട്ടയം ജില്ലയിൽ ഇന്നലെയുണ്ടായ അപകടത്തിന്റെ വലിയ വാർത്തകൾ കോട്ടയം എഡിഷൻ പത്രങ്ങളിൽ ഉള്ളതായി അറിയുന്നു. അതിൽ പോലീസിന്റെ ഒരു പ്രധാന പരാതി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യാൻ നടപടി എടുക്കുന്നില്ല എന്നതാണ്. കോട്ടയം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് ഇത്തരം ഒരു അപകടത്തെപ്പറ്റി അറിവോ, പത്രവാർത്തകളെപ്പറ്റി എന്തെങ്കിലും വിവരമോ ഉള്ളതായി ഇതേപറ്റി ഞാൻ അന്വേഷിച്ചതിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറിൽ നിന്നും മനസ്സിലാക്കാനായില്ല. ഇത്തരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മോട്ടോർ വാഹന വകുപ്പിന്റെ ശാപമാണ്.

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും 01.01.2011 ന് ശേഷം ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിന് എത്ര വീതം അപേക്ഷകൾ പോലീസിൽ നിന്നും കിട്ടി എന്നും അവയിൽ എത്ര വീതം നടപടി എടുത്തു എന്നും അടിയന്തിരമായി മൂന്ന് ദിവസത്തിനകം അറിയിക്കേണ്ടതാണ്. തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഡ്രൈവിംഗ് ലൈസൻസിൽ തുടർ നടപടികൾ എടുക്കേണ്ടതെന്ന് നേരത്തെ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്

വിശ്വസ്തതയോടെ

ട്രാൻസ്പോർട്ട് കമ്മീഷണർ,

പകർപ്പ്:- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, (ടാക്സേഷൻ). സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ കണക്ക് ശേഖരിച്ച് തരേണ്ടതാണ്
സി.എ. റ്റു. ട്രാൻസ്പോർട്ട് കമ്മീഷണർ/ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &സെക്രട്ടറി,എസ്.റ്റി.എ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ്ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ സീനിയർലാ ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ അസി. ട്രാൻസ്പോർട്ട് കമ്മീഷണർ /അസി. സെക്രട്ടറി, എസ്. റ്റി. എ..